**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4503** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗങ്ങളുടെ സ്ഥിതിയെപ്പറ്റിയുള്ള പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളുടെ നിലവിലെ സ്ഥിതിയെപ്പറ്റി കൃത്യമായ പഠനം നടത്താനും വിവരം ശേഖരിക്കുവാനും ഭാവി പദ്ധതികൾ ആസൂത്രണം ചെയ്യുവാനും സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പ് കേരളത്തിലെ പട്ടികജാതി വിഭാഗക്കാരുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ ഉന്നതി ലക്ഷ്യം വച്ച് ഡിജിറ്റൽ സർവ്വേ നടത്തുവാൻ തീരുമാനിക്കുകയും 2019-20 സാമ്പത്തിക വർഷം ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ഡിജിറ്റൽ സർവ്വെയുടെ ഭാഗമായി സോഫ്റ്റ് വെയർ ഡെവലപ്മെന്റും, സോഫ്റ്റ് വെയർ ടെസ്റ്റിംഗും സർവ്വെയുടെ പൈലറ്റ് സ്റ്റഡിയും, ജില്ലകളിലെ ജില്ലാതല ഉദ്യോഗസ്ഥർക്കുള്ള ഓൺലൈൻ പരിശീലനവും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ഫീൽഡ്തല സർവ്വെ നടത്തുന്നതിനായി 1,68,30,000/- രൂപയ്ക്ക് 29.07.2021 ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകാരം നൽകിയിരുന്നു. അടിസ്ഥാനതലത്തിൽ വിവരശേഖരണം നടത്തി സർവ്വെ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഭാവി പദ്ധതികൾ അതനുസരിച്ച് ആസൂത്രണം ചെയ്യാൻ കഴിയുന്നതാണ്. |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകൾക്ക് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഐ.ടി.ഐ.കളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും നവീകരിക്കുവാനും നടപടി സ്വീകരിക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ/നവീകരണ പ്രവൃത്തികൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള 44 ഐ.റ്റി.ഐ കളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഐ.റ്റി.ഐ.കൾ നവീകരിക്കുന്നതിനും വകുപ്പ് മുന്തിയ പരിഗണനയാണ് നൽകി വരുന്നത്. ഇതിന്റെ ഭാഗമായി കാലപ്പഴക്കമുള്ളതും ശോച്യാവസ്ഥയിലായതുമായ (ഓട്/ഷീറ്റ് മേഞ്ഞ) കെട്ടിടങ്ങൾക്ക് പകരം |

ആധുനിക നിർമ്മാണം നടത്തി വരുന്നു. അതോടൊപ്പം അറ്റകുറ്റപ്പണികളും, നവീകരണ പ്രവർത്തനങ്ങളും ചെയ്യുന്നുണ്ട്. വിവിധ ഐ.റ്റി.ഐ കളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിക്കുന്നതിനും, വിവിധ പഠനോപകരണങ്ങൾ, ഫർണിച്ചർ തുടങ്ങിയവ വാങ്ങുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. എല്ലാ ഐ.റ്റി.ഐ കളിലും ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ ലാബുകളും ഇതിനകം സജ്ജീകരിച്ചിട്ടുണ്ട്. ഐ.റ്റി.ഐ.കളുടെ സമഗ്ര വികസനം നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.10.2021 ന് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഐ.റ്റി.ഐ. കൾ നവീകരിക്കുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുമുള്ള ശുപാർശകൾ ലഭ്യമാക്കുവാൻ വകുപ്പ് ഡയറക്ടർമാരോട് നിർദ്ദേശിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ മികച്ച നിലവാരത്തിലുള്ളവയാണ്. വകുപ്പിന് കീഴിലുള്ള മുഴുവൻ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, കുട്ടികളുടെ മാനസികോല്ലാസത്തിനും ആരോഗ്യ സംരംക്ഷണത്തിനുമുള്ള സൗകര്യങ്ങൾ, മെനു എന്നിവ സൂക്ഷ്മമായി പരിശോധിച്ച് നിലവിലുള്ള സൗകര്യങ്ങളും വിടവുകളും കണ്ടെത്തി ഓരോ വിദ്യാലയത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും ഓരോ വിദ്യാർത്ഥിക്കും വ്യക്തിഗത ശ്രദ്ധാ പദ്ധതിയും നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഡിജിറ്റൽ ലൈബ്രറി, ലാംഗ്വേജ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ആരോഗ്യ സംരംക്ഷണത്തിനും വ്യായാമത്തിനുമായി ഔട്ട് ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് പ്ലേ ഗ്രൗണ്ട്, സിന്തറ്റിക് ട്രാക്ക്, ക്രിക്കറ്റ് പിച്ച് എന്നിവ സ്ഥല ലഭ്യതയ്ക്കനുസരിച്ച് സജ്ജീകരിച്ചിട്ടുണ്ട്. നാപ്കിൻ വെന്റിംഗ് മെഷീൻ, ജല ശുദ്ധീകരണ പദ്ധതി, ഖരദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, മിന്നൽ രക്ഷാ ചാലകം, മിനിമാസ്റ്റ് ലൈറ്റ്, സോളാർ പവർ പ്ലാന്റ്, സി.സി.ടി.വി, സ്റ്റീം ബേയ്സ്ഡ് കിച്ചൺ, വാട്ടർ പ്യൂരിഫയർ മുതലായ സംവിധാനങ്ങളും എർപ്പെടുത്തിയിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം കൂടുതൽ ഉയർത്തുന്നതിനായി remedial coaching, individual academic plan തുടങ്ങിയവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പട്ടികവർഗ്ഗ വികസന

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ നിയന്ത്രണത്തിൽ നിലവിൽ തിരുവനന്തപുരം ജില്ലയിലെ കുട്ടമല ഐറ്റിഐയും, ഇടുക്കി ജില്ലയിലെ നാട്ടുകാണി ഐറ്റിഐ-യുമാണ് പ്രവർത്തിച്ച് വരുന്നത്. ഈ 2 ഐറ്റിഐ കളും വ്യവസായിക പരിശീലന വകുപ്പ് ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഇടുക്കി ജില്ലയിൽ നാട്ടുകാണി ഐറ്റിഐ-യിൽ 3.29 കോടി രൂപ ചെലവഴിച്ച് നിർമ്മാണം ആരംഭിച്ച അക്കാഡമിക് ബ്ലോക്ക്, 100 പേർക്ക് താമസ സൗകര്യത്തോടെ 2.81 കോടി രൂപ ചെലവഴിച്ച് ഹോസ്റ്റൽ ബ്ലോക്ക് എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കുട്ടമല ഐ.ടി.ഐ യുടെ പ്രവർത്തനം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പട്ടികവർഗ്ഗത്തിലെ ദുർബല വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെ കണ്ടെത്തി സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ? | (സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആൾ ഇന്ത്യ സിവിൽ സർവ്വീസിൽ പ്രവേശനം ലഭിക്കാൻ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി മുഖേന ഒരു വർഷത്തെ പ്രത്യേക പരിശീലനം നൽകുന്നു. താമസ സൗകര്യം, മികച്ച ലൈബ്രറി സംവിധാനം ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് ഒരു വർഷം പരിശീലനം ലഭ്യമാക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി ICSETS മുഖേന തെരഞ്ഞെടുത്ത മിടുക്കരായ 30 പേർക്ക് കേരളത്തിനകത്തുള്ള അവർ തെരഞ്ഞെടുത്ത മികച്ച സ്ഥാപനങ്ങളിൽ ചേർന്ന് പരിശീലനം നടത്തുന്നതിനായി ലക്ഷ്യ സ്കോളർഷിപ്പ് എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നു. ഫീസിനത്തിൽ മാത്രം പരമാവധി ഒരു ലക്ഷം രൂപ വരെ നൽകുന്നു. കൂടാതെ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി, ബുക്ക്, കിറ്റ് അലവൻസ്, ടെസ്റ്റ് സീരീസ്, മെയിൻസ് എഴുത്ത് പരീക്ഷ തുടങ്ങിയവയ്ക്കുള്ള ചെലവും വഹിക്കുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സിവിൽ സർവ്വീസ് ഉൾപ്പെടെയുള്ള അഖിലേന്ത്യാ തലത്തിലുള്ള പരീക്ഷകളെ അഭിമുഖീകരിക്കുന്നതിനുള്ള പരിശീലന സ്ഥാപനങ്ങൾ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ കീഴിൽ സംസ്ഥാനത്ത് തിരുവനന്തപുരം, പൊന്നാനി, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ ICSETS ന്റെ കീഴിൽ തിരുവനന്തപുരത്ത് ഒരു സെന്ററും പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ